# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** | **11-02-2025 - ൽ മറുപടിയ്ക്ക്**

## ബംഗ്ലാവ് കടവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടമ്പുഴ പഞ്ചായത്തിലെ വടാട്ടുപാറ - കുട്ടമ്പുഴ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാവ് കടവ് പാലം നിർമ്മാണത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പിന്റെ ആവശ്യത്തിന്മേൽ വനംവകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കുട്ടമ്പുഴ പഞ്ചായത്തിൽ ബംഗ്ലാവ് കടവ് പാലം നിർമ്മിക്കുന്നതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി എറണാകുളം ഡിവിഷൻ പൊതുമരാമത്ത് (ബ്രിഡ്ജസ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിവേഷ് പോർട്ടലിൽ 23.07.2023-ന് FP/KL/SRY/437664/2023 നമ്പരായി ഒരു പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഫീൽഡ് ഇൻസ്പെക്ഷന് ശേഷം 20.12.2023-ന് ഇത് സംബന്ധിച്ച ഇൻസ്പെക്ഷൻ റിപ്പോർട്ട് നൽകുകയും നോഡൽ ഓഫീസറുടെ അഭിപ്രായം സഹിതം ആയത് 21.12.2023-ന് സംസ്ഥാന സർക്കാരിന് നൽകുകയും തുടർന്ന് ഗവൺമെന്റിൽ നിന്ന് 02.02.2024-ന് കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. |
| (ബി) | പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതി ലഭ്യമാകാത്ത സാഹചര്യം വ്യക്തമാക്കാമോ? | (ബി) | പാലം നിർമ്മിക്കുന്നതിനായി വിട്ടുനൽകാൻ ഉദ്ദേശിക്കുന്ന വനഭൂമി നിലവിൽ വിവിധയിനം വന്യമൃഗങ്ങളുടെ വിഹാര കേന്ദ്രവും, യാതൊരുവിധ മനുഷ്യ സമ്പർക്കവും ഇല്ലാത്ത പ്രദേശവുമാണ്. അത്തരം വനഭൂമിയിൽ പാലം പണിത് സഞ്ചാരയോഗ്യമാക്കുന്നത് മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം വർദ്ധിപ്പിക്കുന്നതിന് ഇടയാക്കുന്നതും, വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് വിഘാതം സൃഷ്ടിക്കുന്നതുമാണ്. കൂടാതെ ഉൾവനത്തിൽ ജനങ്ങളുടെ നിരന്തര സാന്നിദ്ധ്യം ഉണ്ടാകുന്നത് വനസംരക്ഷണത്തിനും ബുദ്ധിമുട്ട് സൃഷ്ടിക്കാവുന്നതാണ്. പദ്ധതിയിലുൾപ്പെട്ട പ്രദേശത്തെ വന്യമൃഗങ്ങൾ കുടിവെള്ളത്തിനായി പൂയംകുട്ടി ആറിനെയാണ് ആശ്രയിക്കുന്നത്. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തു നിന്ന് ഏറെ അകലെയല്ലാതെ ഭൂതത്താൻ കെട്ടിൽ നിന്ന് കുട്ടൻപുഴയിലേക്ക് നിലവിലുള്ള റോഡ് പ്രദേശവാസികൾ യഥേഷ്ടം ഉപയോഗിച്ചുവരുന്നുണ്ട്. ഇക്കാര്യങ്ങൾ |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് പരിവേഷ് പോർട്ടൽ വഴി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ച അപേക്ഷ നിരാകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ